പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*266. 20.6.2013 ൽ മറുപടിക്ക്

## സ്വകാര്യ സർവ്വകലാശാലകൾ

**ചോദ്യം** **മറുപടി**

ഡോ. ടി.എം.തോമസ് ഐസക്.

ഡോ.കെ.ടി.ജലീൽ.

ശ്രീ.റ്റി.വി.രാജേഷ് .

ശ്രീ.എ.പ്രദീപ്കുമാർ.

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കാൻ ഉദ്ദേശ്യമുണ്ടോ ; | എ) യും ബി) യും ഇല്ല. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളതും യു.ജി.സി ആക്ടിലെ സെക്ഷൻ 2(f) & 12(B)പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതുമായ കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠിച്ച് പ്രൊഫ.എൻ.ആർ.മാധവമേനോൻ അധ്യക്ഷനായ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പഠന റിപ്പോർട്ട് ലഭിക്കുകയുണ്ടായോ ; | |
| സി) സംസ്ഥാനത്ത് നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ ; | സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പഠനം നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകൾ ഉൾപ്പെടെ കൂടുതൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. ഉന്നത വിദ്യാഭ്യാസ |

നയ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ.ജെ.എ.കെ.തരീൻ അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

ഡി) സ്വകാര്യ സർവ്വകലാശാലകളും, സ്വയംഭരണ കോളേജുകളും അനുവദിക്കുന്നത് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് വഴി വയ്ക്കുമെന്നതിനാൽ ഇത്തരം നീക്കങ്ങളിൽ നിന്നും പിൻമാറാൻ തയ്യാറാകുമോ ?

ഡി) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. മികച്ച നിലവാരം പുലർത്തുന്ന കോളജുകൾക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അക്കാദമിക് സ്വയംഭരണാവകാശം നൽകുന്നതിന് മാത്രമാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ച് വരുന്നത്.

സെക്ഷൻ ഓഫീസർ